ലേഖനം ●
ഷാനവാസ് കൊല്ലം




# വിശുദ്ധിയുടെ രാജപാത

**വിശുദ്ധിയുടെ** നിലാവ് പൊഴിയുന്ന ഒരു റമദാൻ കൂടി. വിശ്വാസി ഹൃദയങ്ങൾ പ്രാർഥനയോടെ കാത്തിരുന്ന പുണ്യങ്ങളുടെ വസന്തകാലം. റമദാന്റെ മുഖ്യമായ ഉള്ളടക്കം 'സിയാ'മാണ്. അല്ലാഹു പറയുന്നു: "മുൻഗാമികൾക്കെന്ന പോലെ നിങ്ങൾക്കും സിയാം നിയമമാക്കിയിരിക്കുന്നു; നിങ്ങൾ തഖ്‌വയുള്ളവരാവാൻ വേണ്ടി" (2:183). സൗമ്/സിയാം എന്നാൽ മോഹിപ്പിക്കുന്ന കാര്യങ്ങൾ വർജിക്കുക എന്നാണ് ഭാഷാർഥം. നോമ്പിന് ഭംഗം വരുത്തുന്ന കാര്യങ്ങൾ ഒഴിവാക്കുക എന്നതാണ് ഇസ്‌ലാമിക പ്രമാണങ്ങളിൽ അതുകൊണ്ടുള്ള ഉദ്ദേശ്യം" (ബൈദാവി).

അബൂയസീദിൽ ബിസ്ത്വാമി പറഞ്ഞു: 'വാക്കുകൾ അല്ലാഹുവിന് വേണ്ടി മാത്രം മൊഴിയുന്നവനും അല്ലാഹുവിനുവേണ്ടി മാത്രം കർമം ചെയ്യുന്നവനുമാണ് ഭക്തൻ' (മുത്തഖി). തഖ്‌വയെക്കുറിച്ച ഉമറി(റ)ന്റെ ചോദ്യത്തിന്, ഉബയ്യ്(റ) ഇങ്ങനെ മറുപടി പറഞ്ഞു: 'മുള്ളു നിറഞ്ഞ വഴിയിലൂടെ താങ്കൾ സഞ്ചരിച്ചിട്ടില്ലേ?' ഉമർ(റ): 'ഉവ്വ്; സഞ്ചരിച്ചിട്ടുണ്ട്.' ഉബയ്യ്(റ): 'താങ്കൾ എങ്ങനെയാണത് കടന്നു പോയിട്ടുള്ളത്?' ഉമർ(റ): 'ജാഗ്രതയോടെ, കരുതലോടെ.' ഉബയ്യ്(റ): 'അതാണ് തഖ്‌വ.' ഇബ്നുൽ മുഅ്തസ്സ് അതിനെ ഒരു കവിതയിൽ സംഗ്രഹിച്ചു:

"വലിപ്പച്ചെറുപ്പം നോക്കിടാതെ വെടിയണം-
കുറ്റങ്ങളെല്ലാം; തഖ്‌വയാണത് ഓർക്കണം.
മുള്ളുള്ള പാതയിലൂടെ ഒരുവൻ പോകവേ
കൊള്ളാതെ നോക്കും മുള്ളവൻ, അതു നിശ്ചയം.

**മുതലാളിത്തവും, സന്യാസവും രണ്ട് ആത്യന്തികതകളെ പ്രതിനിധീകരിക്കുന്നു. രണ്ടിടങ്ങളിലും മനുഷ്യൻ ശിഥിലീകരിക്കപ്പെടുന്നു. ഇതിൽനിന്നും മനുഷ്യനെ വീണ്ടെടുക്കേണ്ടത് അനിവാര്യമാണ്. ആത്മവിശുദ്ധി നിലനിർത്തിക്കൊണ്ട് തന്നെ ജൈവിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സന്തുലിത മനുഷ്യനെ സൃഷ്ടിക്കേണ്ടതുണ്ട്. നോമ്പ് ചെയ്യുന്നതും മറ്റൊന്നല്ല.**

പാപങ്ങളിൽ ചെറുതൊന്നുമേ നിസ്സാരമായ്
തള്ളണ്ട; മാമലതന്നെയും ചെറുകല്ലുകൾ"
(ഖുർതുബി 1/163)

അതായത്, കൂടുതൽ ജാഗ്രതയും കരുതലും ആർജിച്ചെടുക്കുന്നതിനുവേണ്ടി അനുവദനീയമായ കാര്യങ്ങൾ പോലും ഒഴിവാക്കി, സത്യവിശ്വാസി നിർവഹിക്കുന്ന ഒരു പരിശീലന-ആരാധനാ കർമമാണ് നോമ്പ്. ലക്ഷ്യം അല്ലാഹുവിനുള്ള സമർപ്പണവും ഫലം മനുഷ്യന്റെ സംസ്കരണവുമാണ്.

ഇവിടെ നോമ്പിനെ തഖ്‌വയുമായിട്ടാണ് ബന്ധിപ്പിച്ചിട്ടുള്ളത്. തഖ്‌വ, 'വിഖായതി'ൽ നിന്നുള്ളതാണ്. "അതീവ

ജാഗ്രതയോടെയുള്ള സംരക്ഷണത്തിനാണ് 'വിഖായത്' എന്നു പറയുക" (ബൈദാവി 1/99). തനിക്ക് ദൈവത്തോടുള്ള ഭക്തിയിലും കൂറിലും കുറവു വന്നിട്ടുണ്ടോ എന്ന വേവലാതി യഥാർഥ വിശ്വാസിയെ കൂടുതൽ ജാഗ്രതയുള്ളവനാക്കും. നോമ്പിലാണീ വിചാരം പാരമ്യം പ്രാപിക്കുന്നത്. അങ്ങനെയാണ്, അനുവദനീയമായ കാര്യങ്ങളിൽനിന്നു വിട്ടു നിന്നിട്ടാണെങ്കിലും ഭക്തി തിരിച്ചുപിടിക്കണമെന്ന തീരുമാനത്തെ വിശ്വാസി ഉൾക്കൊള്ളുന്നത്.

നോമ്പിനോട് സമാനതയുള്ള മറ്റൊരു കർമമില്ല. സകാത്ത്, നമസ്കാരം, ഹജ്ജ് ഇവയെല്ലാം ചില കാര്യങ്ങൾ ചെയ്യലാണ്. എന്നാൽ, നോമ്പ് ചില കാര്യങ്ങൾ വർജിക്കലാണ്. മറ്റൊരു ഇബാദത്തിനും സാധിക്കാത്ത, ജഡികേഛകളിൽനിന്നും മനുഷ്യനെ പിന്തിരിപ്പക്കുക എന്നകൃത്യം നോമ്പിന് സാധിക്കുമെന്ന് ഇമാം ഖുർതുബി പ്രസ്താവിക്കുന്നുണ്ട് (1/274).

ഭക്ഷണം, ലൈംഗികത തുടങ്ങിയവ കൂടി ഒഴിവാക്കിക്കൊണ്ടാണ് വിശ്വാസിയുടെ നോമ്പ്. മനുഷ്യ നില നിൽപിന്റെ അടിസ്ഥാന ഉപാധിയാണ് ഭക്ഷണം. സംസ്കാരത്തിന്റെയും നാഗരികതയുടെയും ആദിപ്രചോദകങ്ങളിലൊന്നും ഭക്ഷണമാണ്. ധാന്യമുണ്ടാക്കാൻ വേണ്ടി ഫലഭൂയിഷ്ഠമായ നദീതടങ്ങളിൽ മനുഷ്യൻ കൂട്ടായി പാർക്കാൻ തുടങ്ങിയപ്പോഴാണ് വലിയ നാഗരികതകൾ ഉദയംകൊണ്ടത് എന്നൊരു പഠനമുണ്ട്. മനുഷ്യന്റെ ശാരീരികാരോഗ്യത്തെയും ആത്മാവിന്റെ ധാർമികതയെയും നിർണയിക്കുന്നതിൽ ഭക്ഷണത്തിന് നിർണായക പങ്കുണ്ട്. "നിന്റെ ഭക്ഷണമാണ് നിന്റെ രോഗം, നിന്റെ ഭക്ഷണം തന്നെയാണ് നിന്റെ ആരോഗ്യവും" എന്ന് ഹിപ്പോക്രാറ്റസ് പറഞ്ഞിട്ടുണ്ട്. മനുഷ്യന്റെ ധാർമികതയെ ദുഷിപ്പിക്കുകയും ലജ്ജാശീലം തകർക്കുകയും ചെയ്യും എന്നതിനാലാണ് ഇസ്‌ലാം പന്നിമാംസം നിഷിദ്ധമാക്കിയതെന്ന് സയ്യിദ് മൗദൂദി നിരീക്ഷിക്കുന്നുണ്ട്. വയർ നിറഞ്ഞാലും വീണ്ടും ഭക്ഷിച്ച് അജീർണവും അനാരോഗ്യവും വിലയ്ക്കുവാങ്ങുന്ന ഒരേ ഒരു ജീവി മനുഷ്യനാണ്. വയർ നിറഞ്ഞാലും മനസ്സ് നിറയാത്തതാണിതിനു കാരണം. മനുഷ്യന്റെ വിശ്വാസവും ആദർശവുമായി ബന്ധമുള്ള ഗൗരവപ്പെട്ട ഒരു വിഷയമാണിത്. "വിശ്വാസി ഒരു വയറിൽ ആഹരിക്കുന്നു. അവിശ്വാസി ഏഴുവയറിലും" എന്ന് റസൂൽ(സ) പറഞ്ഞിട്ടുണ്ട്.

ലൈംഗികത മനുഷ്യന്റെ അടിസ്ഥാനപരമായ ജൈവികാവശ്യമാണ്. മനുഷ്യവംശത്തിന്റെ നിലനിൽപ് അത് ഉറപ്പു വരുത്തുന്നു. ആനന്ദം എന്നൊരു ഫലം കൂടി അതിനുണ്ട്. എന്നാൽ പലപ്പോഴും ആനന്ദം മാത്രം മുഖ്യവിഷയമാവുകയും അതുമായി ബന്ധപ്പെട്ട മൂല്യങ്ങളും ഉത്തരവാദിത്വങ്ങളും അവഗണിക്കപ്പെടുകയും ചെയ്യുന്നു. അത് സമൂഹങ്ങളുടെ തകർച്ചക്ക് കാരണമാവും. ലൂത്ര് നബിയുടെ ജനതയും, ആധുനിക മുതലാളിത്ത സമൂഹങ്ങളും അതിന്റെ തെളിവാണ്. ഭക്ഷണം, ലൈംഗികത എന്നീ മനുഷ്യന്റെ മുഖ്യമായ രണ്ട് ജൈവിക പ്രവർത്തനങ്ങളിലിടപെട്ടുകൊണ്ട് സവിശേഷമായ ഒരു ആത്മശുദ്ധീകരണ പ്രക്രിയ നടപ്പാക്കുകയാണ് നോമ്പ് ചെയ്യുന്നത്.

മനുഷ്യൻ ജൈവികാവശ്യങ്ങളുടെ പിന്നാലെ പോയി ആത്മീയ ലക്ഷ്യങ്ങളെ വിസ്മരിക്കുന്നത് സാധാരണ സംഭവിക്കാറുള്ളതാണ്. ആത്മീയ വ്യാമോഹങ്ങളുടെ പിന്നാലെ പോയി ജൈവികാവശ്യങ്ങളെ നിരാകരിക്കുന്നതും സംഭവിക്കുന്നു. ആദ്യത്തേത് മുതലാളിത്ത രീതിയും രണ്ടാമത്തെ

**മനുഷ്യനെ ഒന്നാകെ അഗ്നിയിൽ വെച്ച് ഉരുക്കിയെടുത്തെങ്കിൽ മാത്രമേ ശുദ്ധീകരിക്കാനും ദൈവികമായ ഉദാത്ത ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുമാറ് അവനെ രൂപപ്പെടുത്താനും കഴിയൂ. ഈയൊരു പ്രക്രിയയാണ് ഓരോ റമദാനിലും ആവർത്തിക്കുന്നത്. ഇവിടെ അഗ്നി വിശപ്പും ദാഹവുമാണ്.**

രീതി സന്യാസവുമാണ്. മുതലാളിത്തവും, സന്യാസവും രണ്ട് ആത്യന്തികതകളെ പ്രതിനിധീകരിക്കുന്നു. രണ്ടിടങ്ങളിലും മനുഷ്യൻ ശിഥിലീകരിക്കപ്പെടുന്നു. ഇതിൽനിന്നും മനുഷ്യനെ വീണ്ടെടുക്കേണ്ടത് അനിവാര്യമാണ്. ആത്മവിശുദ്ധി നിലനിർത്തിക്കൊണ്ട് തന്നെ ജൈവിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സന്തുലിത മനുഷ്യനെ സൃഷ്ടിക്കേണ്ടതുണ്ട്. നോമ്പ് ചെയ്യുന്നതും മറ്റൊന്നല്ല.

മുതലാളിത്ത ചോദനകൾ ലോകത്തിന്റെ നാശത്തിനേ വഴിവെക്കൂ. 'എല്ലാ മനുഷ്യരുടെയും ആവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ ലോകത്തിനു കഴിയും, എന്നാൽ ഒരു മനുഷ്യന്റെ പോലും സ്വാർഥതയെ തൃപ്തിപ്പെടുത്താൻ അതിനാവില്ല' എന്ന ഗാന്ധിജിയുടെവാക്യം ശ്രദ്ധിക്കുക.

ഇവിടെ ഭൗതികമായ അതിമോഹങ്ങളെ കരിച്ചുകളയുന്ന അഗ്നിയായി നോമ്പ് പ്രത്യക്ഷപ്പെടുന്നു. നോമ്പ് മുഖ്യമായും റമദാൻ മാസത്തിലാണ്. റമദാൻ എന്ന പദപ്രയോഗം തന്നെയും വിസ്മയകരമാണ്. ദാഹത്തിന്റെ കാഠിന്യത്താൽ പക്ഷിയുടെ ഉള്ള് കരിഞ്ഞുപോയി, ചുട്ടുപഴുത്ത കല്ലിൽവെച്ച് മാംസം ചുട്ടെടുത്തു എന്ന അർഥത്തിൽ അറബിയിൽ 'റമദ' എന്നു പറയും. റംദാഅ് എന്നാൽ നട്ടുച്ചക്കുള്ള കത്തിക്കരിയുന്ന ചൂടാണ്. വിശപ്പിന്റെ ഗന്ധവും ദാഹത്തിന്റെ ചൂരുമുള്ള നോമ്പുമാസത്തിന് റമദാൻ എന്ന് പേര്വെച്ചത് തികച്ചും അർഥവത്തായത്. ഇസ്‌ലാമിലെ വ്രതം കഠിന വ്രതങ്ങളിൽ പെട്ടതാണ്. ഭക്ഷണം ഉപേക്ഷിക്കുന്നതിനു പുറമെ, പകൽ ഒരിറ്റു വെള്ളം ഇറക്കാൻ പാടില്ല. ലൈംഗിക സംയമനം പാലിക്കണം. വാക്-വിചാരങ്ങളിൽ വിശുദ്ധമല്ലാത്തതൊന്നും കടന്നുവരരുത്. കണ്ണിന്റെ ദർശനം പോലും കർശനമായി നിയന്ത്രിക്കേണ്ടി വരും. ഇവിടെ വർഷത്തിലെ ഒരുമാസം ഏതാനും മണിക്കൂറുകൾ വീതം നിരന്തരമായി വിശ്വാസിയെ തീക്ഷ്ണമായ ശിക്ഷണ പരീക്ഷണങ്ങൾക്ക് വിധേയനാക്കുകയാണ്.

അയ്യായിരം ഡിഗ്രി സെൽഷ്യസ് ചൂടുള്ള ചൂളകളിൽ ഉരുക്കിയിട്ടാണ് ഇരുമ്പയിരിലെ ചെളിയും മറ്റു കലർപ്പുകളും നീക്കി ശുദ്ധ ലോഹത്തെ വേർതിരിച്ചെടുക്കുന്നത്. അതു തണുക്കുമ്പോഴെല്ലാം വീണ്ടും കട്ടിയാവും. വീണ്ടും വീണ്ടും പഴുപ്പിച്ചിട്ടാണ് നമുക്കാവശ്യമുള്ള രീതിയിലേക്കതിനെ രൂപപ്പെടുത്തുന്നത്. മനുഷ്യന്റെ കാര്യത്തിലും അത് ശരിയാണ്. അവന്റെ അസംസ്കൃത സ്വത്വത്തിൽ തിന്മകളുടെയും പാപങ്ങളുടെയും ചെളിയും മണ്ണും കലർന്നിരിക്കും. മനുഷ്യനെ ഒന്നാകെ അഗ്നിയിൽ വെച്ച് ഉരുക്കിയെടുത്തെങ്കിൽ മാത്രമേ ശുദ്ധീകരിക്കാനും ദൈവികമായ ഉദാത്ത ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുമാറ് അവനെ രൂപപ്പെടുത്താനും കഴിയൂ. ഈയൊരു പ്രക്രിയയാണ് ഓരോ റമദാനിലും ആവർത്തിക്കുന്നത്. ഇവിടെ അഗ്നി വിശപ്പും ദാഹവുമാണ്.

കുടിനീരില്ലാഞ്ഞിട്ടോ ഭക്ഷണമില്ലാഞ്ഞിട്ടോ യാദൃച്ഛികമായി സംഭവിക്കുന്ന ഒന്നല്ല ഇവിടെ വിശപ്പും ദാഹവും. മറിച്ച് വിഭവങ്ങളുടെ നിറവിലും വിശ്വാസി സ്വയം വരിക്കുന്ന വിരക്തിയാണത്. അഥവാ അബദ്ധത്തിൽ തീയിൽപെട്ട് പൊള്ളിപ്പോവുകയല്ല, കരുതിക്കൂട്ടി തീയിൽ കടന്ന് ശുദ്ധി വരുത്തുകയാണ്. ഇവിടെ വിശപ്പും ദാഹവും ഒരു മൂല്യത്തിന്റെ സാക്ഷാത്കാരത്തിനുവേണ്ടി ബോധപൂർവം ഉണ്ടാക്കിയെടുക്കുകയാണ്. ഭൗതികമായി വ്യാഖ്യാനിക്കാനാവാത്ത ഒന്നിനുവേണ്ടി, ഭൗതിക താൽപര്യങ്ങൾ ഉപേക്ഷിക്കുമ്പോഴാണ് മൂല്യങ്ങൾ ജന്മം കൊള്ളുന്നത്. ദൈവ കൽപന പ്രകാരം ഭൗതിക സുഖങ്ങൾ വെടിഞ്ഞ് ക്ലിഷ്ടത വരിക്കുന്ന മനുഷ്യൻ തന്നെക്കാൾ ദൈവത്തെ ഉയർത്തിപ്പിടിക്കുകയാണ് ചെയ്യുന്നത്. ദേഹേഛയെ ദൈവേഛക്ക് അടിയറവെക്കുന്നു.

മുതലാളിത്ത ചോദനകളിലേക്കുള്ള വ്യതിചലനത്തിൽനിന്ന് മനുഷ്യനെ രക്ഷിച്ചു നിർത്താനുള്ള നിതാന്ത ജാഗ്രതയാണ് നോമ്പിലൂടെ വെളിപ്പെടുന്നത്. ഭൗതിക ശരീരത്തെ അമർത്തുമ്പോൾ, ആഹാരത്തെയും ലൈംഗികതയെയും കുറിച്ചുള്ള ചിന്തയിൽനിന്ന് അൽപമെങ്കിലും വിടുതി ലഭിക്കുമ്പോൾ മനുഷ്യൻ തന്നിലുള്ള ജൈവികാതീതമായ ഒരു മാനം കൂടി കണ്ടെത്തുന്നു. തന്നെ താനാക്കുന്നത് ഈ സ്വത്വമാണെന്നും മാനവ മഹത്വത്തിന്റെ യഥാർഥ ആധാരം അതാണെന്നും അവൻ തിരിച്ചറിയുന്നു. സ്വത്വ വിശുദ്ധിയുടെ സാക്ഷാത്കാരത്തിലൂടെ മാത്രമേ ഔന്നത്യം കരസ്ഥമാക്കാനാവൂ എന്നും അവൻ മനസ്സിലാക്കുന്നു. "സൂക്ഷ്മതയുടെ വഴിയിൽ സമർപ്പിതമായ സ്വത്വമുള്ളവരാണ് ദൈവത്തിങ്കൽ അത്യാദരണീയർ" എന്ന് ഖുർആൻ പറയുന്നുണ്ട് (49:13).

മറുവശത്ത് സന്യാസത്തിന്റെ കാര്യമെടുക്കാം. സന്യാസമെന്നത് തീവ്രവും ആത്യന്തികവുമായ ലൗകിക വിഛേദനമാണ്. മനുഷ്യനെ അവന്റെ യഥാർഥ പ്രകൃതിയിൽനിന്ന് വേരോടെ പിഴുതെടുത്ത് ആകാശത്തിന്റെ അനന്തതയിലേക്ക് വലിച്ചെറിയാനാണത് ശ്രമിക്കുന്നത്. ഇവിടെ മനുഷ്യന്റെ ലൗകിക ഭാവത്തെ ഉറപ്പിച്ചു പറയേണ്ടതുണ്ട്. ആ വശവും നോമ്പ് പരിഗണിക്കുന്നുണ്ട്. "എന്നും നോമ്പെടുക്കുന്നവന് നോമ്പേയില്ല" (അഹ്മദ്, ബുഖാരി, മുസ്‌ലിം) എന്ന് റസൂൽ വ്യക്തമാക്കിയിട്ടുണ്ട്. പെരുന്നാൾ ദിനങ്ങളുൾപ്പെടെ ചില ദിവസങ്ങളിൽ നോമ്പെടുക്കുന്നതിനെ ഇസ്‌ലാം നിഷിദ്ധമാക്കിയിട്ടുണ്ട്. നോമ്പു തുറക്കുകയോ അത്താഴം കഴിക്കുകയോ ചെയ്യാതെ തുടർച്ചയായി നോമ്പനുഷ്ഠിക്കുന്നത് (വിസ്വാൽ) പ്രവാചകൻ നിരോധിച്ചു. അത്താഴം കഴിച്ചുകൊണ്ടാണ് നോമ്പ് ആരംഭിക്കേണ്ടത് എന്നും പഠിപ്പിച്ചു. "നിങ്ങൾ അത്താഴം കഴിക്കുക. അതിൽ അനുഗ്രഹമുണ്ടെന്ന് തീർച്ച" (ബുഖാരി, മുസ്‌ലിം), "വേഗം നോമ്പുതുറക്കുന്ന കാലത്തോളം ജനങ്ങൾ നന്മയിലായിരിക്കും" (ബുഖാരി, മുസ്‌ലിം) എന്നും പ്രഖ്യാപിച്ചു. ബുദ്ധിമുട്ടും ക്ലേശവും വർധിക്കും എന്നതിനാൽ യാത്രയിലും രോഗാവസ്ഥയിലും നോമ്പനുഷ്ഠിക്കേണ്ടതില്ല എന്നു വിധിച്ചു (2:185). റമദാനിൽപോലും രാത്രികാലങ്ങളിൽ ലൈംഗികാവശ്യങ്ങൾ നിർവഹിക്കുന്നതിനുള്ള അനുവാദം നൽകി(2:187).

ചുരുക്കത്തിൽ, എല്ലാ ആത്യന്തികതകളിൽനിന്നും മനുഷ്യനെ മോചിപ്പിച്ച് സന്തുലിതവും യഥാർഥവുമായ പ്രകൃതിയിൽ നിലകൊള്ളാൻ പരിശീലിപ്പിക്കുന്ന വിശുദ്ധിയുടെ രാജപാതയിലേക്ക് മനുഷ്യനെ കൂട്ടിക്കൊണ്ടുപോവുന്ന വിസ്മയകരവും മഹത്വമേറിയതുമായ ഒരു ഇബാദത്താണ് നോമ്പ്. ■